(Pages : 4) **C – 4230**

Reg. No. : ..................................

Name : ..................................

**Second Semester B.Com. Degree Examination, July 2017**
**First Degree Programme Under CBCSS**
**MALAYALAM LANGUAGE**
**Language Course – IV (Additional Language – II)**
**ML 1211.2 : Kavitha, Katha, Upanyasam, Vivarthanam**
**(2014 Admissions)**

Time : 3 Hours Max. Marks : 80

I. ഒരു വാക്യത്തിലോ പരമാവധി **രണ്ടു** വാക്യങ്ങളിലോ ഉത്തരമെഴുതുക :

1) 'പാപത്തറ' ആരുടെ കഥാസമാഹാരമാണ് ?

2) 'കപട ലോകത്തിലാത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം' – എന്നു പാടിയ കവി ആരാണ് ?

3) 'സൂര്യകാന്തി' എന്ന കവിത ആരുടെതാണ് ?

4) 'ഡൽഹിഗാഥകൾ' എഴുതിയത് ആര് ?

5) വിപ്ലവകവിത്രയം എന്നറിയപ്പെടുന്ന കവികൾ ആരൊക്കെ ?

6) 'ശുദ്ധമലയാളം' ആരുടെ കൃതിയാണ് ?

7) 'അഗ്നിസാക്ഷി' എന്ന നോവൽ എഴുതിയത് ആര് ?

8) സുഭാഷ് ചന്ദ്രന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത നോവൽ ഏത് ?

9) 'Care kills the cat' – എന്ന ശൈലിയെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

10) 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' – ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

**(10×1=10 മാർക്ക്)**

P.T.O.

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

11) ''വെട്ടല്ലേ കൊത്തല്ലേ നായന്മാരേ,
വെട്ടല്ലേ കൊത്തല്ലേ തച്ചന്മാരേ'' – സന്ദർഭം വ്യക്തമാക്കുക.

12) ''കാലമാണവിശ്രമം, പായുമെന്നശ്വം സ്നേഹ –
ജ്വാലയാണെന്നിൽക്കാണും ചൈതന്യം സനാതനം'' – ഈ വരികളിലെ ശുഭാപ്തി ദർശനം വിലയിരുത്തുക.

13) ''ദു:ഖചിന്തേ, മതി മതി യേവം
ഞെക്കിടായ്ക, നീയെൻ മൃദുചിത്തം'' – ആശയം വ്യക്തമാക്കുക.

14) ''ജീവിച്ചിരുന്നിട്ട് കുറേശ്ശെക്കുറേശ്ശെയായി ചാവണതിൽ ഭേദം ചത്തിട്ട് ജീവിക്കയല്ലേ'' – ആര് ആരോടാണ് ഇപ്രകാരം പറയുന്നത് ? സന്ദർഭമേത് ?

15) 'സ്വപ്നങ്ങൾ വിൽക്കുന്ന സെയിൽസ്മാൻ' എന്ന കഥ സമകാലിക ജീവിത പരിസരത്തെ എപ്രകാരം അടയാളപ്പെടുത്തുന്നു ?

16) ''മലയാളഭാഷാഭിമാനിയായ സഹ്യന്റെ ആ പുത്രൻ കലശലായി പ്രതിഷേധിക്കുന്നു; മലയാളമല്ലാതെ മറ്റൊരു ഭാഷ അധ്യയനമാധ്യമമായി സ്വീകരിക്കയില്ലെന്ന് !'' – സന്ദർഭമേത് ?

17) ഉത്തരാധുനിക കഥകളുടെ സവിശേഷതകൾ വ്യക്തമാക്കുക.

18) എസ്. ഗുപ്തൻ നായരുടെ രചനാശൈലി വിലയിരുത്തുക.

19) ''നേത്ര രോഗിക്ക് ദീപം പോലെ നീയെനിക്കഹിതയായിരിക്കുന്നു'' – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

20) ടാഗോറിന്റെ 'ഗോറ'യെക്കുറിച്ച് ലേഖകന്റെ അഭിപ്രായമെന്ത് ?

21) **മലയാള**ത്തിലേക്ക് വിവർത്തനം ചെയ്യുക.

"I must die, I who Build a Palace with bribes
While my sister dozes
On the pavement, her home"

22) **ഇംഗ്ലീഷി**ലേക്ക് വിവർത്തനം ചെയ്യുക.

''ഞാൻ പിന്നിലുപേക്ഷിച്ചു പോകുന്നത് കേവലം ഒരു വിചാരമല്ല. വിശപ്പും ദാഹവും കൊണ്ട് മധുരീകൃതമായ ഒരു ഹൃദയം തന്നെയാണല്ലോ. എങ്കിലും എനിക്കിവിടെ ഇനിയും തങ്ങിനിൽക്കാനാവുകയില്ല. സർവ്വവും തന്നിലേക്ക ണയ്ക്കുന്ന സാഗരമിതാ എന്നെ ക്ഷണിക്കുന്നു. ഞാനിനി യാത്രയാവണം''.

**(8×2=16 മാർക്ക്)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിനുത്തരമെഴുതുക :

23) ഇതരകലകളുമായി സിനിമ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ? മധു ഇറവങ്കരയുടെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

24) 'രാധ രാധ മാത്രം' എന്ന കഥയെ കേന്ദ്രീകരിച്ച് ആധുനികതയെക്കുറിച്ച് ഉപന്യസിക്കുക.

25) 'സുഭാഷ് ചന്ദ്രന്റെ 'പറുദീസാ നഷ്ടം' എന്ന കഥ, മനുഷ്യന് നഷ്ടപ്പെട്ടതും നഷ്ടപ്പെടാനിരിക്കുന്നതുമായ പലതരം ഇടങ്ങളെ കാണിച്ചു തരുന്നു' – എങ്ങനെ ?

26) 'സ്വാതന്ത്ര്യം എന്ന സങ്കൽപ്പം' എന്ന ലേഖനത്തിൽ എം. ആർ. രാഘവ വാരിയർ പറയുന്ന ആശയങ്ങൾ സംഗ്രഹിക്കുക.

27) 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തെ കേന്ദ്രീകരിച്ച് ചങ്ങമ്പുഴക്കവിതയുടെ പൊതുസ്വഭാവങ്ങൾ വിലയിരുത്തുക.

28) 'ഹൃദയത്തിന്റെ താക്കോൽ' എന്ന കഥയ്ക്ക് ഒരാസ്വാദനക്കുറിപ്പെഴുതുക.

29) നമ്പൂതിരിക്കുടുംബങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ 'മൂടുപടത്തിൽ' എന്ന കഥയിലൂടെ ലളിതാംബിക അന്തർജ്ജനം ആവിഷ്കരിക്കുന്നതെങ്ങനെ ?

30) **ഇംഗ്ലീഷി**ലേക്ക് വിവർത്തനം ചെയ്യുക.

ഭാരതീയ സാമൂഹികശാസ്ത്രജ്ഞർ ഇനിയും അന്വേഷണ വിഷയമാക്കേണ്ട ഒന്നാണ് ഹിമാലയത്തിന് ഭാരതീയ ജീവിതത്തിലുള്ള സ്ഥാനം. അവിടത്തെ സസ്യമൃഗാദികളെപ്പറ്റിയും കാലാവസ്ഥയുടെ മേലും ഭൗതികശാസ്ത്രത്തിന്മേലും മറ്റും അതിനുള്ള സ്വാധീനത്തെക്കുറിച്ചും നമുക്കറിവുണ്ട്. എന്നാൽ ഇ.ബി ഹാവെൽ ഒഴികെ മറ്റൊരു പ്രമുഖ പണ്ഡിതനും ഭാരതീയ തത്വശാസ്ത്രത്തിന് ഹിമാലയത്തോടുള്ള അഗാധമായ കടപ്പാടിനെ വിലയിരുത്തുവാൻ ശ്രമിച്ചിട്ടില്ല.

31) **മലയാള**ത്തിലേക്ക് വിവർത്തനം ചെയ്യുക.

The seed is put in the ground, and earth and air and water are placed Ground it. Does the seed become the earth, or the air, or the water ? No. It becomes a plant; it develops after the law of its own growth, assimilates the air, the earth, and the water, converts them into plant. Substance , and grows into a plant.

Similar is the case with the religion. The Christian is not to become a Hindu or a Buddhist, nor a Hindu or a Buddhist to become a Christian. But each must assimilate the spirit of the others and yet preserve his individuality and grow according to his own law of growth.

**(6×4=24 മാർക്ക്)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

32) അറിയാവുന്ന ഭാഷയിലൂടെ വേണം അധ്യയനമെന്ന് എ. പി. ഉദയഭാനു സമർത്ഥിക്കുന്നതെങ്ങനെ ?

33) 'തറവാടും തൻമോളും' നഷ്ടപ്പെട്ട ആനറാഞ്ചിപ്പക്ഷിയുടെ സങ്കടം ജി. ശങ്കരക്കുറുപ്പ് 'ചന്ദനക്കട്ടിൽ' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

34) അപമാനിതയും മുറിവേറ്റവളുമായ സീതയുടെ പ്രക്ഷുബ്ധ ചിന്തകളാണ് 'അശോക'യിൽ ഉയർന്നു പൊന്തുന്നത് – സമർത്ഥിക്കുക.

35) ഗോളാന്തരങ്ങളെ ഉള്ളംകൈയിൽ അമ്മാനമാടുന്ന മനുഷ്യനെ പ്രപഞ്ച വിധാതാവിന്റെ സ്ഥാനത്തേക്കുയർത്തുന്ന കവിതയാണ് 'അശ്വമേധം' – സമർത്ഥിക്കുക.

**(2×15=30 മാർക്ക്)**